CELEBRUS EQUITY | COMMODITY | CURRENCY
എന്റെ ഓഹരി
CLICK HERE

അഴിമുഖം
WWW.AZHIMUKHAM.COM

Font Issue?

# ചാനലിലെ അന്തിച്ചര്‍ച്ച പോലെ എളുപ്പമാകില്ല അഴീക്കോട് നികേഷിന്



Mar 30 2016 12:38 PM

**കെ എ ആന്റണി**

പിതാവിന്റെ പഴയ തട്ടകത്തില്‍ സിപിഐഎം സ്വതന്ത്രനായി മത്സരിക്കാന്‍ ഇറങ്ങുന്ന എംവി നികേഷ് കുമാറിന് കാര്യങ്ങള്‍ അത്ര എളുപ്പമാകില്ലെന്നാണ് മണ്ഡലത്തില്‍ നിന്നും ലഭിക്കുന്ന ആദ്യ ഘട്ട സൂചനകള്‍. കൂത്തുപറമ്പ് വെടിവയ്പ്പിന് കാരണക്കാരനായ എം വി രാഘവനോടുണ്ടായിരുന്ന വിരോധം പുറത്ത് പ്രചരിപ്പിക്കപ്പെടുന്ന രീതിയില്‍ മണ്ഡലത്തില്‍ കാണാന്‍ ഇല്ലെങ്കിലും ഒരു എംഎല്‍എ എന്ന നിലയില്‍ കെ എം ഷാജി വോട്ടര്‍മാര്‍ക്കിടയില്‍ നേടിയെടുത്ത ജനസമ്മതി തന്നെയാണ് മാധ്യമപ്രവര്‍ത്തകനായ നികേഷ് കുമാറിന് പ്രധാന വെല്ലുവിളിയാകുന്നത്.

കടലാസിലെ കണക്കുകളും കഴിഞ്ഞ കാല തെരഞ്ഞെടുപ്പ് ഫലങ്ങളിലും എല്‍ഡിഎഫിന് തന്നെയായിരുന്നു ഏറെക്കാലം മണ്ഡലത്തില്‍ മുന്‍തൂക്കം. രണ്ട് തവണ മാത്രമേ മണ്ഡലം യുഡിഎഫിന് അനുകൂലമായുള്ളൂ. സിപിഐഎമ്മില്‍ നിന്നും പുറത്താക്കപ്പെട്ട എംവി രാഘവന്‍ സിഎംപി രൂപീകരിച്ച് സിപിഐഎമ്മിന് എതിരെ അങ്കത്തിന് ഇറങ്ങിയ 1987-ല്‍ വിജയം എംവിആറിന് ഒപ്പമായിരുന്നു. 2000-ത്തിലേറെ വോട്ടുകള്‍ക്ക് സിപിഐഎമ്മിന്റെ ഇപി ജയരാജനെ എംവിആര്‍ തോല്‍പ്പിച്ചു. അടുത്ത യുഡിഎഫ് വിജയം 2011-ല്‍ 493 വോട്ടിന് മുസ്ലിംലീഗിലെ കെഎം ഷാജി നേടിയതാണ്.

വയനാട്ടില്‍ നിന്നും കണ്ണൂരിലെ അഴീക്കോട് മണ്ഡലത്തില്‍ എത്തിയ ഷാജിയുടെ വിജയം ചുരുങ്ങിയ വോട്ടിനായിരുന്നു. ഏറെ വെല്ലുവിളികളെ അതിജീവിച്ച് കൊണ്ടായിരുന്നു ഈ വിജയം എന്നത് ഷാജിക്ക് കൂടുതല്‍ കരുത്ത് പകരുന്നുണ്ട്. നിലവില്‍ എംഎല്‍എയായിരുന്ന സിപിഐഎമ്മിലെ എം പ്രകാശനെതിരെ ഉയര്‍ന്ന വ്യക്തിപരമായ ആരോപണങ്ങള്‍ മണ്ഡലത്തില്‍ ബിജെപിയും യുഡിഎഫും ഒരേ പോലെ ആയുധമാക്കിയപ്പോള്‍ ഷാജിക്ക് കഷ്ടിച്ച് ജയിച്ച് കയറാനായി. കണ്ണൂര്‍ മുസ്ലിം ലീഗിലെ ഒരു വലിയ വിഭാഗത്തിന്റെ എതിര്‍പ്പിനെ കൂടി മറികടന്നായിരുന്നു ഷാജിയുടെ ഈ വിജയം എന്നതാണ് ഇക്കുറി അദ്ദേഹത്തിനും മുന്നണിക്കും കരുത്ത് പകരുന്നത്.

നികേഷ് കുമാറിനാകട്ടെ കരുത്ത് പകരുന്നത് പഴയ കുടുംബ ബന്ധങ്ങളും സിപിഐഎം നല്‍കുന്ന പൂര്‍ണ പിന്തുണയുമാണ്. പുതുതായി രൂപീകരിക്കപ്പെട്ട കണ്ണൂര്‍ കോര്‍പ്പറേഷനില്‍പ്പെടുന്ന പഴയ വള്ളിക്കുന്ന് പഞ്ചായത്തില്‍പ്പെട്ട ഒന്നു മുതല്‍ 13 വരെയുള്ള വാര്‍ഡുകളും പഴയ പുഴാതി പഞ്ചായത്തില്‍പ്പെട്ട 54-55 വാര്‍ഡുകളും ഉള്‍പ്പെടുന്ന അഴീക്കോട്

Content Partners
The Washington Post | GLOBAL TIMES | Slate | FP Foreign Policy | THE DAILY YOMIURI
CELEBRUS EQUITY | COMMODITY | CURREN
എന്റെ ഓഹരി
ഓഹരി നിക്ഷേപത്തിനും ബിസിനസ് സ
മനസ്സിലാക്കാനും അസുലഭ അവ
For more details contact : 9745 044855 , 9567

Most Read

പൊലയാടി മോന്‍ തന്നെയല്ലേ ഇപ്പോഴും മലയാളിയുടെ തെറി?

പോലീസ് ഉരുട്ടിക്കൊന്ന ഉദയകുമാറിന്റെ അമ്മയുടെ പോരാട്ടജീവിതത്തിന് 11 വര്‍ഷം

55-കാരി മകള്‍ക്ക് താങ്ങ് 80-നോടടുത്ത അമ്മ; ശീലാബതിയുടെ ജീവിതം, ദേവകിയുടെയും

എങ്ങനെ ഒരു എന്‍കൗണ്ടര്‍ നടത്താം; പൊലീസിന് ഒരു പ്രവര്‍ത്തനസഹായി

അറുപത് വയസ്സ് തികഞ്ഞ കേരളം വായിക്കേണ്ട പൊടിയന്റെ കഥ

നെല്‍കൃഷിയും പുലിമുരുകനും; ഇത്രയ്ക്ക് ചീപ്പ് ആണോ പിണറായി വിമര്‍ശകര്‍?

പിണറായി നൈസായൊന്ന് പിടിമുറുക്കിയാല്‍ തീരാവുന്നതേയുള്ളൂ ഏറനാകളത്തെ ഗുണ്ടാ-പോലീസ്-രാഷ്ട്രീയ കൂട്ടുകെട്ട്

മണ്ഡലത്തിൽ കണക്കിൽ ഇപ്പോഴും എൽഡിഎഫ് തന്നെയാണ് മുന്നിൽ. കോർപ്പറേഷന് വെളിയിൽ അഴീക്കോട്, വളപട്ടണം, ചിറയ്ക്കൽ, നാറാത്ത്, പാപ്പിനിശേരി എന്നിങ്ങനെ അഞ്ച് പഞ്ചായത്തുകൾ കൂടി ചേരുന്നതാണ് നിലവിൽ അഴീക്കോട് നിയമസഭ മണ്ഡലം. ഇതിൽ അഴീക്കോട്, പാപ്പിനിശേരി, നാറാത്ത് പഞ്ചായത്തുകൾ എൽഡിഎഫ് ഭരണത്തിൽപ്പെടുന്നവയാണ്. വളപട്ടണത്ത് യുഡിഎഫിന്, പ്രത്യേകിച്ച് മുസ്ലിംലീഗിന് മൃഗീയ ഭൂരിപക്ഷമുണ്ട്. കോർപ്പറേഷനിൽ ലയിക്കപ്പെട്ട പഴയ വള്ളിക്കുന്ന്, പുഴാതി പഞ്ചായത്തുകളിൽ വാർഡുകളിൽ കോൺഗ്രസ് വിമതൻ പികെ രാഗേഷിന് ഏറെ പിന്തുണയുണ്ടെന്നത് യുഡിഎഫിനെ ആശങ്കപ്പെടുത്തുകയും എൽഡിഎഫിന് പ്രതീക്ഷ നൽകുകയും ചെയ്യുന്നു.

രാഗേഷ് സ്വതന്ത്രനായി മത്സരിക്കുമെന്നൊക്കെ പറഞ്ഞിരുന്നുവെങ്കിലും മുഖ്യശത്രുവായ കെ സുധാകരൻ ഉദുമയിലേക്ക് നീങ്ങുമെന്ന് ഏതാണ്ട് ഉറപ്പായ ഘട്ടത്തിൽ ഇനിയെന്ത് എന്ന് രാഗേഷ് പറഞ്ഞിട്ടില്ല. എന്തു തന്നെയായാലും രാഗേഷിന്റെ വിമതപ്പട തന്നെയാണ് അഴീക്കോട് മണ്ഡലത്തിൽ ഇപ്പോഴും ശ്രദ്ധാ കേന്ദ്രമാകുന്നത്. വെട്ടിമാറ്റപ്പെട്ട അഴീക്കോട് മണ്ഡലത്തിന്റെ പുതിയ ചരിത്രവും ഒരു പക്ഷേ നിർണയിക്കുക ഈ വിമതർ തന്നെയാകും. ഇതിനിടെ ഷാജിയെ അലോസരപ്പെടുത്തുന്ന ചില വാർത്തകൾ കണ്ണൂരിലെ മുസ്ലിംലീഗിലെ ഉപശാലകളിൽ നിന്നും പുറത്തു വരുന്നുണ്ട്. വയനാട്ടിൽ നിന്നുമെത്തിയ ഒരാളെ അധികകാലം കണ്ണൂരിൽ വച്ചു പൊറുപ്പിക്കുന്നതിന് എതിരെയുള്ള കരുനീക്കങ്ങൾ സംബന്ധിയായുള്ളതാണ് ഈ വാർത്തകൾ. വളപട്ടണം സർക്കാർ സ്കൂളിന് അടക്കം ഒരു സഹായവും ചെയ്യാത്ത എംഎൽഎ എന്ന രീതിയിലാണ് കണ്ണൂരിലെ സ്ഥാനമോഹികളായ ചില ലീഗുകാർ ഷാജിക്ക് എതിരെ പ്രചാരണം ആരംഭിച്ചിരിക്കുന്നത്.

ഷാജിയുടെ കുറവുകൾക്ക് അപ്പുറത്താണ് നികേഷിന്റെ കുറവുകൾ എന്നിടത്താണ് സിപിഐഎം ഇപ്പോൾ ചെന്നെത്തി നിൽക്കുന്നത്. നികേഷ് ജയിച്ചാൽ ഇയാളെ ഈ മണ്ഡലത്തിൽ കിട്ടുമോയെന്ന് ഷാജി ഉയർത്തി വിടുന്ന ചോദ്യം വോട്ടർമാരെ എത്ര കണ്ട് സ്വാധീനിക്കും എന്നത് ഇപ്പോൾ പറയാൻ ആകില്ലെങ്കിലും മണ്ഡലത്തിൽ ഒരു എംഎൽഎയുടെ സാന്നിദ്ധ്യം എത്രമാത്രം ഉറപ്പുനൽകാനാകും എന്നിടത്തു കൂടി നിൽക്കുന്നു നികേഷിന്റെ അഴീക്കോട്ടെ വിജയ സാധ്യത.

അഴീക്കോട് മണ്ഡലത്തിൽ ബിജെപി സ്ഥാനാർത്ഥി എവി കേശവനാണ്. കഴിഞ്ഞ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ചിറയ്ക്കൽ പഞ്ചായത്തിൽ ഒരു സ്ഥാനാർത്ഥിയെ വിജയിപ്പിക്കാൻ കഴിഞ്ഞ ബിജെപിക്ക് മണ്ഡലത്തിൽ 10,000-ത്തിലേറെ വോട്ടുകളുണ്ട്. ഈ വോട്ടുകൾ ബിജെപിക്ക് തന്നെ ലഭിക്കുമോ അതോ മറ്റെവിടേക്കെങ്കിലും തിരിയുമോ എന്നുള്ളതിനെ കൂടി ആശ്രയിച്ചിരിക്കുന്നു അഴീക്കോട്ടെ വിധിയെഴുത്ത്.

*(മുതിർന്ന മാധ്യമപ്രവർത്തകനാണ് ലേഖകൻ)*

(Azhimukham believes in promoting diverse views and opinions on all issues. They need not always conform to our editorial positions)

ഞങ്ങളുടെ ജാഗ്രത; നിങ്ങളുടെ വായന.
അഴിമുഖം ഇ-മെയിലിൽ ലഭിക്കാൻ ഈ ലിങ്കിൽ ക്ലിക്ക് ചെയ്യൂ...

**Comment**

ആരാണ് അർണാബ് ഗോസ്വാമി? അയാൾ ചെയ്തതും ചെയ്യുന്നതും

ഇതൊക്കെ തന്നെയാണ് കേരളത്തിലെ പോലീസ്: ഒട്ടും അവിശ്വസിക്കേണ്ടതില്ല

പുലിമുരുകന് ഇരട്ടച്ചങ്കൻ; കൈകൊട്ടുക്കണം ഈ ബിസിനസ് ബുദ്ധിക്ക്

name...

email...

SEND

HOME ABOUT US ADVERTISE WITH US FEEDBACK CONTACT US

Copyright@ www.azhimukham.com 2016